**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 382 25.06.2014-ൽ മറുപടിയ്ക്ക്

<u>കൈസാനൂർ ഫോറസ്റ്റ് ഡിസീസ് (കുരങ്ങുപനി)</u>

<u>ചോദ്യം</u>

ശ്രീ. കെ. ദാസൻ
ശ്രീ. എം. ഹംസ
ശ്രീ .പി.റ്റി.എ. റഹീം
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

<u>മറുപടി</u>

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) കൈസാനൂർ ഫോറസ്റ്റ് ഡിസീസ് (കുരങ്ങുപനി) സംസ്ഥാനത്ത് മനുഷ്യരിലേക്ക് പടർന്നിട്ടുണ്ട് എന്ന വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. രോഗം മനുഷ്യരിലേയ്ക്ക് പടർന്നിട്ടുണ്ട്. 2013 -ൽ വയനാട്ടിൽ 1 രോഗിയും, 2014 – ൽ അതേ ജില്ലയിൽ 1 ആൾക്കും മലപ്പുറം ജില്ലയിൽ 6 പേർക്കും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. |
| (ബി) മാരകമായ ഈ രോഗം പടർന്ന് പിടിക്കാതിരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | • രോഗം കൂടുതലായി കണ്ടിട്ടുള്ള കർണ്ണാടകയിലെ വിദഗ്ധരുമായി 2013 – ൽ തന്നെ ചർച്ച നടത്തി.<br>• വനാതിർത്തി പങ്കിടുന്ന ജില്ലകളിൽ രോഗ നിരീക്ഷണം ശക്തമാക്കി.<br>• സംസ്ഥാന മൃഗസംരക്ഷണ വകുപ്പിലെ വിദഗ്ധരുമായി പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ച് ആശയവിനിമയം നടത്തി മാർഗ്ഗനിർദ്ദേശങ്ങൾ നല്കി.<br>• രോഗലക്ഷണങ്ങൾ കാണിക്കുന്ന കുരങ്ങുകളുമായി അടുത്ത് ഇടപഴകാതിരിക്കാൻ പ്രത്യേകം നിർദ്ദേശം നല്കി.<br>• വനത്തിനകത്ത് താമസിക്കുന്നവരും, പോകുന്നവരും പ്രത്യേകം സ്വീകരിക്കേണ്ടതായ മുൻകരുതലുകളെ കുറിച്ച് ബോധവത്ക്കരണം നടത്തിവരുന്നു.<br>• പ്രതിരോധ വാക്സിൻ നല്കുന്നതിനെക്കുറിച്ച് ഡൽഹിയിലും ഷിമോഗയിലുമുള്ള വിദഗ്ധരുമായി കൂടിയാലോചന നടന്നു വരുന്നു.<br>• 24.06.2014 – ന് കൂടുവാൻ തീരുമാനിച്ചിരിക്കുന്ന സ്റ്റേറ്റ് ആർ ആർ റ്റി മീറ്റിംഗിലും ഈ വിഷയം ചർച്ച ചെയ്ത ശേഷം കൂടുതൽ നടപടികൾ ആവശ്യമാണെങ്കിൽ അതുകൂടി ചെയ്യുന്നതാണ്. |
| (സി) നിലവിൽ ഈ രോഗനിർണ്ണയത്തിന് വേണ്ട പരിശോധനാ സൗകര്യങ്ങൾ സംസ്ഥാനത്ത് എവിടെയൊക്കെയാണുള്ളത്? | (സി) ആലപ്പുഴയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലേയും മൈക്രോബയോളജി ഡിപ്പാർട്ട്മെന്റിലും പ്രസ്തുത രോഗനിർണ്ണയത്തിനുള്ള സൗകര്യം ലഭ്യമാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**